മോ? എല്ലാ മതങ്ങളിലുമടങ്ങിയ ആത്യന്തികസത്യത്തെപ്പററി വിഭാഗീയവീക്ഷണത്തിലൂടെയല്ലാതെ പഠിപ്പിക്കുന്നതിനു് ഈ സ്ഥാപനം മുൻഗണന നൽകുമോ?

(26 ആഗസ്റ്റ്, 1987)

## 34. രാഷ്ട്രഭാഷയും രാജഭാഷയും

തെക്കേ ആഫ്രിക്കയിലെ ഐതിഹാസിക സമരത്തിനുശേഷം 1915–ൽ ഇന്ത്യയിൽ തിരിച്ചെത്തിയ മഹാത്മാഗാന്ധി, രാഷ്ട്രീയകാര്യങ്ങളെപ്പററി ഒരു അഭിപ്രായവും പ്രകടിപ്പിക്കാതെ, ഒരു വർഷക്കാലം ഇന്ത്യയിൽ ഉടനീളം സഞ്ചരിച്ച് ഇവിടത്തെ രാഷ്ട്രീയ–സാമ്പത്തിക–സാമൂഹിക–സാംസ്കാരിക–സ്ഥിതിഗതികൾ സൂക്ഷ്മമായി പഠിച്ചു. ആദ്യമായി അദ്ദേഹം ഇന്ത്യയിൽവച്ച്, ഒരു രാഷ്ട്രീയപ്രസംഗം നടത്തിയതു് 1916–ൽ ബനാറസ് ഹിന്ദു യൂണിവേഴ്സിററിയുടെ ഉദ്ഘാടനം സംബന്ധിച്ചു ചേർന്ന സമ്മേളനത്തിലായിരുന്നു. വൈസ്രോയി ഹാർഡിഞ്ച് പ്രഭുവാണ് സർവകലാശാലയുടെ ശിലാസ്ഥാപനകൃത്യം നിർവഹിച്ചതു്. ദർഭംഗാമഹാരാജാവ് അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ, കസവുവസ്ത്രങ്ങളും സ്വർണകിരീടങ്ങളും രത്നമാല്യങ്ങളും അണിഞ്ഞ നാട്ടുരാജാക്കന്മാരുടെ നടുവിൽ, ധോത്തിയും ഗുജറാത്തിക്കുപ്പായവും വട്ടത്തലേക്കെട്ടുമായി, ഒരു ദരിദ്രഗ്രാമീണൻെറ രൂപത്തിൽ ഗാന്ധി പ്രത്യക്ഷപ്പെട്ടു. ഈ പ്രസംഗത്തിൽ ഗാന്ധിപറഞ്ഞു:

'പരിശുദ്ധമായ ഈ നഗരത്തിൽ, മഹത്തായ ഈ വിദ്യാലയത്തിൻെറ നിഴലിൽ, എൻെറ നാട്ടുകാരോടു് ഒരു വിദേശഭാഷയിൽ സംസാരിക്കാൻ നിർബന്ധിതനായതിൽ എനിക്കു് അഗാധമായ അപമാനബോധവും ലജ്ജയുമുണ്ടു്. ഡിസംബർ മാസത്തിൽ (ബോംബെയിൽ) നടന്ന കോൺഗ്രസ് സമ്മേളനത്തിൽ ഞാൻ സന്നിഹിതനായിരുന്നു. അവിടെ ഇന്നത്തേക്കാൾ എത്രയോ കൂടുതൽ ശ്രോതാക്കൾ ഉണ്ടായിരുന്നു. ബോംബെയിലെ ശ്രോതാക്കളെ സ്പർശിച്ചതു് ഹിന്ദുസ്ഥാനിയിൽ ചെയ്യപ്പെട്ട പ്രസംഗങ്ങൾ മാത്രമായിരുന്നു എന്നു ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ഇംഗ്ലീഷിനും ഇന്ത്യൻഭാഷകൾക്കും തമ്മിലുള്ള വലിയ അകലം ഹിന്ദിക്കും ബോംബെയിലെ പ്രാദേശികഭാഷകൾക്കും തമ്മിൽ ഇല്ല....ഈ സർവകലാശാലയിലെത്തുന്ന യുവജനങ്ങൾക്കു് ഇന്ത്യൻ ഭാഷകളിലൂടെ പഠിക്കാൻ ഈ സർവകലാശാല സൗകര്യം നൽകുമെന്നു ഞാൻ ആശിക്കുന്നു. നമ്മുടെ ഭാഷ നമ്മുടെ പ്രതിബിംബമാകുന്നു. നമ്മുടെ ഏററവും നല്ല വിചാരങ്ങൾ ആവിഷ്കരിക്കാൻ നമ്മുടെ ഭാഷകൾക്കു കഴിവില്ലെന്നു നിങ്ങൾ പറഞ്ഞാൽ, കഴിയുംവേഗത്തിൽ നമ്മെയാകെ നശിപ്പിക്കുകയാണു നമുക്കു നന്നായിരിക്കുക എന്നായിരിക്കും എൻെറ മറുപടി. ഇംഗ്ലീഷ് എന്നെങ്കിലും ഇന്ത്യയുടെ രാഷ്ട്രഭാഷയാകുമെന്നു് സ്വപ്നം കാണുന്ന ഒരാളെങ്കിലും ഉണ്ടോ? എന്തിനു് ഈ വിദേശഭാഷയുടെ അവശത രാഷ്ട്രത്തിനുമേൽ ചുമത്തുന്നു?....ഇക്കഴിഞ്ഞ അമ്പതുവർഷങ്ങളിൽ പ്രാദേശികഭാഷകളിലൂടെ വിദ്യാഭ്യാസം ലഭിച്ചിരുന്നുവെങ്കിൽ ഇന്നു നമ്മുടെ സ്ഥിതി എന്താകുമായിരുന്നു? എങ്കിൽ, ഇന്ത്യ ഇന്നു സ്വാതന്ത്ര്യയാകുമായിരുന്നു; നമ്മുടെ അഭ്യസ്തവിദ്യർ സ്വന്തം നാട്ടിൽ വിദേശികളായിരിക്കാതെ രാഷ്ട്രത്തിൻെറ ഹൃദയത്തിൽനിന്നു സംസാരിക്കുമായിരുന്നു; അവർ ഈ നാട്ടിലെ ഏററവും ദരിദ്രക്കിട

യിൽ പ്രവർത്തിക്കമായിരുന്നു; ഇക്കഴിഞ്ഞ അമ്പതു വർഷങ്ങളിൽ അവർ നേടിയതെല്ലാം രാഷ്ട്രത്തിന്റെ പൈതൃകമായിത്തീരുമായിരുന്നു. ഇന്നു നമ്മുടെ ഏററവും നല്ല വിചാരങ്ങളിൽ നമ്മുടെ ഭാര്യമാർക്കുകൂടിയില്ല പങ്കാളിത്തം....'

ഗാന്ധിജിയുടെ പ്രസംഗം മുഴുവനാകുംമുമ്പു സദസ്യരിൽ വലിയ ഒരു വിഭാഗവും, അദ്ധ്യക്ഷൻപോലും, സഭ വിട്ടുപോയതിൽ ആശ്ചര്യം എന്തുള്ളൂ? തീക്ഷ്ണമായ സത്യത്തെ മുഖത്തോടുമുഖം കാണാനുള്ള ധൈര്യം എത്ര പേർക്ക് ഉണ്ടാകും?

ഇന്ത്യയെ ഒരു രാഷ്ട്രമായി രൂപപ്പെടുത്തുന്നതിൽ ഹിന്ദിക്ക് ഉണ്ടായിരിക്കേണ്ട പങ്കിനെപ്പററി മഹാത്മാഗാന്ധിക്കുമുമ്പ് തിലകനെപ്പോലെയുള്ള പല നേതാക്കളും ഊന്നിപ്പറഞ്ഞിരുന്നു. എന്നാൽ, കോൺഗ്രസ്സിന്റെ രാഷ്ട്രനിർമാണപരിപാടികളിൽ പ്രധാനപ്പെട്ട ഒന്നാണ് ഹിന്ദി സംസാരിക്കാത്ത സംസ്ഥാനങ്ങളിൽ ഹിന്ദിയുടെ പ്രചാരണം എന്ന് അംഗീകരിക്കുകയും, ദക്ഷിണഭാരതത്തിലും ഇന്ത്യയിലെ മററ് അഹിന്ദി പ്രദേശങ്ങളിലും ഹിന്ദി പ്രചരിപ്പിക്കുന്നതിന് ശക്തവും വ്യാപകവുമായ ഒരു സംഘടന കെട്ടിപ്പടുക്കുകയും ചെയ്തത് മഹാത്മാഗാന്ധിയായിരുന്നു. 1918-ൽ രൂപവൽക്കരിക്കപ്പെട്ട ദക്ഷിണഭാരത ഹിന്ദി പ്രചാര സഭയുടെ പ്രവർത്തനത്തിൽ, സഭയുടെ ആരംഭംമുതൽ തന്റെ ജീവിതാന്ത്യംവരെ, മഹാത്മാഗാന്ധി നേരിട്ടു ബന്ധപ്പെട്ടിരുന്നു. ഹിന്ദി ഇന്ത്യയുടെ രാഷ്ട്രഭാഷയായിത്തീരുന്നതിന്, രണ്ടു വ്യത്യസ്ത മാർഗങ്ങളിൽ ആ ഭാഷയെ മുന്നോട്ടു നയിക്കേണ്ടതുണ്ട് ആവശ്യമാണെന്ന് ഗാന്ധിജി പല സന്ദർഭങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. ലളിതവും, സാധാരണക്കാരുടെ സംഭാഷണഭാഷയോട് ഏററവും അടുത്തതുമായ ഹിന്ദിയുടെ രൂപം അഹിന്ദി—പ്രദേശങ്ങളിൽ സാർവത്രികമായി പ്രചരിപ്പിക്കുകയാണ് ഇവയിൽ ഒരു മാർഗം. മറെറാന്ന്, ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലുമുള്ള പ്രതിഭകൾക്ക് ആവിഷ്കരണം നൽകുമാറ് ഹിന്ദിസാഹിത്യത്തെ സമ്പന്നമാക്കുകയും. ഇതിൽ ആദ്യത്തെ കാര്യത്തിൽ ഉത്തരവാദിത്തം ഹിന്ദി മാതൃഭാഷയല്ലാത്ത ജനവിഭാഗങ്ങൾക്കാണെങ്കിൽ, രണ്ടാമത്തെ ചുമതല ഹിന്ദി മാതൃഭാഷയായവർ ഏറെറടുക്കേണ്ടതാണെന്ന്, 1925—ൽ ഉത്തർപ്രദേശിലെ സീതാപൂരിൽ ചേർന്ന ഹിന്ദിസാഹിത്യ സമ്മേളനത്തിൽ മഹാത്മാഗാന്ധി പറയുകയുണ്ടായി.

ഹിന്ദിയും ഉർദുവും ഒരേ ഭാഷയുടെ രണ്ടു ശൈലികൾ മാത്രമാണെങ്കിലും, ആദ്യത്തേതു മുഖ്യമായി ഹിന്ദുക്കളുടെയും രണ്ടാമത്തേത് മുഖ്യമായി മുസ്ലിങ്ങളുടെയും ഭാഷയായാണ് അറിയപ്പെട്ടിരുന്നത്. ദേവനാഗരി ലിപിയിൽ എഴുതപ്പെട്ടിരുന്ന ഹിന്ദിയുടെ ശബ്ദാവലി ഏറെക്കുറെ സംസ്കൃതത്തിന്റേതുതന്നെയായിരുന്നപ്പോൾ പേഴ്സ്യൻ ലിപിയിൽ എഴുതപ്പെട്ടു വന്ന ഉർദു അറബി—പേഴ്സ്യൻ—ഭാഷകളുടെ ശബ്ദാവലികൾ വലിയതോതിൽ ഉപയോഗപ്പെടുത്തിവന്നു. ഈ വ്യത്യസ്ത ഭാഷാശൈലികളെ ഒരു പൊതു—മാനക—ശൈലിയിൽ ലയിപ്പിച്ച് ഏകീകരിക്കുന്നതിനു പകരം, അവയുടെ പരസ്പരഭേദം വർദ്ധിപ്പിക്കുന്നതിനാണ് ഇരുഭാഷകളിലെയും പണ്ഡിതന്മാർ ശ്രമിച്ചുവന്നത്. സാധാരണക്കാർക്കു ദുർഗ്രഹങ്ങളായ സംസ്കൃത—പേഴ്സ്യൻ—അറബി—പദങ്ങൾ വർജിച്ചും അവയുടെ സ്ഥാനത്തു നാടോടിപ്പദങ്ങൾ ഉപയോഗിച്ചും ദേവനാഗരി ലിപിയോടൊപ്പം പേഴ്സ്യൻ ലിപിയും ഉപയോഗപ്പെടുത്തിയും, ഹിന്ദു മുസ്ലിം മൈത്രിയുടെ പ്രതീകമായി, ഏകരൂപമായ ഒരു രാഷ്ട്രഭാഷ രൂപപ്പെടുത്തി പ്രചരിപ്പിക്കുകയായിരുന്നു ഗാന്ധിജിയുടെ ഉദ്ദേശ്യം. ഈ ഭാഷയെ അദ്ദേഹം 'ഹിന്ദുസ്ഥാനി' എന്നു വിളിച്ചുവന്നു.

മതത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ വിഭജിക്കപ്പെടുകയും, ഉർദു തങ്ങളുടെ രാഷ്ട്രഭാഷയാണെന്നു പാകിസ്ഥാൻ പ്രഖ്യാപിക്കുകയും ചെയ്തതോടെ, ഗാന്ധിജിയുടെ 'ഹിന്ദുസ്ഥാനി' സങ്കല്പത്തിന് ഇന്ത്യയിൽ ആനുകൂല്യം നഷ്ടപ്പെട്ടു. ഇന്ത്യയിലെ മററു പ്രാദേശികഭാഷകളുമായി അടുക്കണമെങ്കിൽ രാഷ്ട്രഭാഷയിൽ സംസ്കൃതശബ്ദാവലിക്കു കൂടുതൽ പ്രാധാന്യം നൽകപ്പെടണമെന്ന വാദം പുഷ്ടിപ്പെട്ടു; പല പ്രാദേശികഭാഷക്കാർക്കും പ്രത്യേക പ്രയത്നമൊന്നും കൂടാതെ വായിക്കാൻ കഴിയുന്ന ദേവനാഗരിലിപി രാഷ്ട്രലിപിയായി അംഗീകരിക്കപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിലാണ്, 'ഇന്ത്യൻ യൂണിയന്റെ ഔദ്യോഗികഭാഷ ദേവനാഗരിലിപിയിലുള്ള ഹിന്ദി ആയിരിക്കും' എന്നും 'യൂണിയന്റെ ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി (ദേവനാഗരി അക്കങ്ങൾക്കുപകരം) ഭാരതീയ അക്കങ്ങളുടെ അന്താരാഷ്ട്രരൂപം (അതായതു് അറബിക്ക് അക്കങ്ങൾ) ഉപയോഗിക്കപ്പെടും' എന്നുമുള്ള വ്യവസ്ഥകൾ നമ്മുടെ ഭരണഘടനയുടെ പതിനേഴാംഭാഗത്തിൽ എഴുതിച്ചേർക്കപ്പെട്ടതു്.

'രാഷ്ട്രഭാഷ' എന്ന പദം ഭരണഘടന ഉപയോഗിക്കുന്നില്ലെന്നതു് ശ്രദ്ധേയമായ ഒരു വസ്തുതയാണ്. പകരം 'ഔദ്യോഗികഭാഷ' അല്ലെങ്കിൽ 'ഭരണഭാഷ' എന്ന പദമാണു ഭരണഘടനയിലുള്ളതു്. ഔദ്യോഗികങ്ങളായ നടപടികളിലും കത്തിടപാടുകളിലും ഹിന്ദി ഉപയോഗിക്കണമെന്നേ ഭരണഘടന അനുശാസിക്കുന്നുള്ളു. ഇന്ത്യ എന്ന ഏകവും അഖണ്ഡവുമായ രാഷ്ട്രത്തിന്റെ ആത്മാവിനെ പ്രതിബിംബിപ്പിക്കുന്ന ഒരു സമ്പന്നഭാഷയായി ഹിന്ദിയെ വികസിപ്പിക്കണമെന്ന രാഷ്ട്രപിതാവിന്റെ ഉജ്ജ്വലസ്വപ്നം, ഇതിനിടെ, എവിടെയോവെച്ച്, നമുക്കു നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു.

കേന്ദ്രത്തിലും, ഹിന്ദി മാതൃഭാഷയായുള്ള സംസ്ഥാനങ്ങളിലും അധികാരത്തിൽ വന്നവരിൽ വളരെ വലിയ ഒരു വിഭാഗം ഇംഗ്ലീഷിലൂടെ വിദ്യാഭ്യാസം നേടിയവരും ഇൻഡോ–ആംഗ്ലിയൻ–സംസ്കാരത്തിൽ അഭിമാനിക്കുന്നവരുമായിരുന്നു. സ്വാതന്ത്ര്യത്തിനുമുമ്പ് ഇംഗ്ലീഷിനു പ്രവേശം ലഭിക്കാതിരുന്ന ഇന്ത്യൻ ജീവിതമണ്ഡലങ്ങളിൽക്കൂടി ഇംഗ്ലീഷിനെ കുടിയിരുത്തുവാനാണ് ഇവർ പരിശ്രമിച്ചതു്. ഭരണഘടനയിൽ ഔദ്യോഗികഭാഷയെക്കുറിച്ചുള്ള നിബന്ധനകൾ ഇവർ വകവെച്ചില്ലെങ്കിൽ അത്ഭുതമില്ല.

അതേസമയം, ഹിന്ദിയിൽ കലശലായ ഭ്രമവും അഭിമാനവുമുള്ള ഒരു വിഭാഗം കേന്ദ്ര–ഹിന്ദി സംസ്ഥാനങ്ങളിലെ അധികൃതർക്കിടയിൽ ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ നിസ്സാരങ്ങളെങ്കിലും അത്യന്തം പ്രകടനാത്മകതയുള്ള ചില രംഗങ്ങളിൽ ഹിന്ദി തിരുകിക്കയററുവാൻ ഇവർ ചെയ്ത ശ്രമം ആ ഭാഷയോടുള്ള വിരോധമായി കേന്ദ്രത്തിലും, പ്രത്യേകിച്ച് അഹിന്ദി സംസ്ഥാനങ്ങളിലും, വളർന്നുവരാൻ ഏറെ താമസമുണ്ടായില്ല. ഹിന്ദിവിരോധം ഏററവുമധികം ആക്രാമകമായ രൂപം കൈക്കൊണ്ടതു്, മഹാത്മാഗാന്ധിയുടെ ഹിന്ദിപ്രചാരപ്രസ്ഥാനത്തിന് ഏററവുമധികം ഉദാരമായ സ്വീകരണം ഏതാനും ദശാബ്ദങ്ങൾക്കുമുമ്പു നൽകിയ തമിഴ്നാട്ടിലായിരുന്നു എന്നതു് ആധുനിക ഭാരതചരിത്രത്തിലെ അത്യന്തം ഖേദകരമായ ഒരു വിരോധാഭാസമാകുന്നു.

ഹിന്ദിയെ ഭരണഭാഷയാക്കുക എന്നതിനർത്ഥം സർക്കാർ നടപടികൾക്ക് ആ ഭാഷ ഉപയോഗപ്പെടുത്തുക എന്നുമാത്രമാണ്. ഇതു് നിർബന്ധം പ്രയോഗിച്ചാവുമ്പോൾ, അതിനെതിരെ സംഘർഷത്തിന്റേതായ ഒരു മാനസിക കാലാവസ്ഥ സൃഷ്ടിക്കപ്പെടുന്നു. അതേസമയം, ഹിന്ദിയെ 'രാഷ്ട്രഭാഷ'യാക്കുക എന്നതിനർത്ഥം ജനജീവിതത്തിന്റെയും ജന

സംസ്കാരത്തിന്റെയും എല്ലാ മണ്ഡലങ്ങളിലും ആ ഭാഷ ഉപയോഗപ്പെടുത്തുക എന്നതാണ്. ഇതിനുള്ള ശ്രമം ഹിന്ദി സംസ്ഥാനങ്ങളിലുണ്ടായില്ല. ഫലമോ? 'മമ്മി–ഡാഡി–' സംസ്കാരം ഇന്ത്യയിലെ മറ്റു ഭാഷാപ്രദേശങ്ങളിലേക്കാൾ രൂഢമൂലമാണ് ഇന്ന് ഹിന്ദിപ്രദേശത്തെ അഭ്യസ്തവിദ്യർക്കിടയിൽ.

ഹിന്ദിയെ രാഷ്ട്രഭാഷയാക്കുക എന്നതിന്റെ മറ്റൊരു അർത്ഥം ഇന്ത്യയിലെ ഏതു പ്രാദേശികഭാഷയിലും ആവിഷ്കരിക്കപ്പെടുന്ന ആശയങ്ങൾ അതാതു സമയം ഹിന്ദിയിൽ വിവർത്തനംചെയ്യപ്പെടുക എന്നുകൂടിയാണ്. ഇന്ത്യയെപ്പോലുള്ള ഒരു ബഹുഭാഷാരാഷ്ട്രത്തിൽ രാഷ്ട്രഭാഷ, വലിയ തോതിൽ, വിവർത്തനഭാഷകൂടി ആകാതെ തരമില്ല. മലയാളത്തിലോ, മറാഠിയിലോ, കന്നഡത്തിലോ, കാശ്മീരിയിലോ, ഇന്ത്യയിലെ ഏതു ഭാഷയിലും പ്രസിദ്ധീകരിക്കപ്പെടുന്ന ചിന്താർഹങ്ങളായ എല്ലാ രചനകളും—കഥ, കവിത, നാടകം, നോവൽ, പ്രബന്ധം എല്ലാം—ഏതാനും മാസങ്ങൾക്കകം ഹിന്ദിയിൽ വിവർത്തനംചെയ്യപ്പെട്ടു പ്രസിദ്ധീകരിക്കപ്പെടണം. അപ്പോൾ മാത്രമേ ആ ഭാഷയിൽ സമകാലിക ഭാരതത്തിന്റെ യഥാതഥമായ പ്രതിബിംബം നമുക്കു കാണാൻ ഒക്കൂ. ഇതിനുള്ള സംഘടിത പരിശ്രമം, നിർഭാഗ്യവശാൽ, നടക്കുകയുണ്ടായില്ല. ഫലമോ? 1916–ൽ ഹിന്ദു സർവകലാശാലയുടെ ഉദ്ഘാടനം സംബന്ധിച്ച സമ്മേളനത്തിൽ ഗാന്ധിജി പ്രസ്താവിച്ചതുപോലെ, ഇന്നും നമ്മുടെ നാട്ടിൽ അഭ്യസ്തവിദ്യർ സ്വന്തം നാട്ടിൽ വിദേശികളായിരിക്കുക മാത്രമല്ല, അങ്ങനെ തുടരുന്നതിൽ അഭിമാനിക്കുകകൂടി ചെയ്യുന്നു.

ഹിന്ദിയെ 'രാജഭാഷ' (ഭരണഭാഷ) ആക്കുന്നതിനുള്ള പരിശ്രമത്തോടൊപ്പം 'രാഷ്ട്രഭാഷ' ആക്കുന്നതിനുള്ള പരിശ്രമംകൂടി മുന്നോട്ടുകൊണ്ടുപോകേണ്ടതിന്റെ ആവശ്യം ഹിന്ദിസംസ്ഥാനങ്ങളിൽ കൂടുതൽ കൂടുതൽ ബോദ്ധ്യപ്പെട്ടുതുടങ്ങിയിട്ടുണ്ടെന്ന്, 1987 സെപ്തംബർ 14–ാം തീയതി ഉത്തർപ്രദേശിന്റെ തലസ്ഥാനമായ ലഖ്നൗവിൽ നടന്ന സാഹിത്യ–സമ്മാന–വിതരണോത്സവത്തിൽ സന്നിഹിതനായപ്പോൾ എനിക്ക് സ്പഷ്ടമായി കാണാൻ കഴിഞ്ഞു. ഉത്തർപ്രദേശിലെ ഹിന്ദി സമിതി ഹിന്ദിഗ്രന്ഥ അക്കാദമി മുതലായവ സംയോജിപ്പിച്ച് 'ഹിന്ദി സംസ്ഥാൻ' എന്ന പേരിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത് 1976–ൽ ആയിരുന്നു. ഹിന്ദിയിൽ പ്രാമാണികഗ്രന്ഥങ്ങളും സർവകലാശാലാനിലവാരത്തിലുള്ള പാഠപുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നതിന്റെ ഉത്തരവാദിത്തം ഇപ്പോൾ ഈ സ്ഥാപനത്തിനാണ്. ഇതിനകം ഇവർ 550 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്ത്യയിലെ മറ്റു ഭാഷകളിൽനിന്ന് ഉൽക്കൃഷ്ട ഗ്രന്ഥങ്ങൾ വിവർത്തനംചെയ്യുകയാണ് 'ഹിന്ദിസംസ്ഥാന്റെ' ഒരു മുഖ്യ പരിപാടി. ഈയാണ്ടിൽ ഇതിനായി ഇരുപത്തഞ്ചുലക്ഷം രൂപ ഹിന്ദിസംസ്ഥാൻ നീക്കിവെച്ചിട്ടുണ്ട്. തമിഴ്, തെലുങ്ക്, കന്നഡം, മലയാളം എന്നീ ദാക്ഷിണാത്യഭാഷകളും ബംഗാളിയും ഉത്തർപ്രദേശിൽ പ്രചരിപ്പിക്കുന്നതിനുള്ള ഒരു പരിപാടിയും ഹിന്ദിസംസ്ഥാന് ഉണ്ട്.

ഹിന്ദിയിൽ ഉൽക്കൃഷ്ടഗ്രന്ഥങ്ങളുടെ നിർമാണം പ്രോത്സാഹിപ്പിക്കുന്നതിനായി എഴുത്തുകാർക്ക് ആണ്ടുതോറും പല സമ്മാനങ്ങളും ഹിന്ദി സംസ്ഥാൻ നൽകിവരുന്നു. 'ഭാരത ഭാരതി' എന്ന പേരിൽ നൽകപ്പെടുന്ന ഏറ്റവും ഉയർന്ന സമ്മാനം ഗംഗയുടെ ഒരു മനോഹര പ്രതിമയും ഒരു ലക്ഷം രൂപയും ഉൾക്കൊള്ളുന്നു. ഈയിടെ അന്തരിച്ച പ്രശസ്ത കവിയായ വാത്സ്യായനനു നല്കപ്പെട്ട 1983–1984–ലെ സമ്മാനം അദ്ദേഹത്തിന്റെ പത്നിയായ ശ്രീമതി ഇളാ ഡാൽമിയയും 1984–85–ലെ സമ്മാനം

പ്രമുഖ നാടകകൃത്തായ ഡോക്ടർ രാമകുമാരവർമയും ലഖ്നൗവിലെ സമ്മാനവിതരണോത്സവത്തിൽവെച്ച് ഏറ്റുവാങ്ങുകയുണ്ടായി.

ഹിന്ദിസാഹിത്യത്തിന്റെ വിവിധ ശാഖകളിൽ പ്രവർത്തിക്കുന്ന പത്തു സാഹിത്യകാരന്മാർക്ക്, അവരുടെ വിശിഷ്ടവും ദീർഘകാലികവുമായ ഹിന്ദിസേവനത്തെ പുരസ്കരിച്ച്, ഇരുപത്തൊരായിരം രൂപ വീതമുള്ള സമ്മാനങ്ങൾ ഈ സമ്മേളനത്തിൽവെച്ചു വിതരണംചെയ്യപ്പെട്ടു. ഇതിനുപുറമെ, സാഹിത്യത്തിന്റെ വിഭിന്ന മേഖലകളിൽ മൗലികഗ്രന്ഥനിർമാണത്തിന് മുപ്പത്തിനാല് എഴുത്തുകാർക്ക് ഏഴായിരം രൂപവീതം സമ്മാനം നൽകപ്പെട്ടു. ഈ എഴുത്തുകാരിൽ പലരുടെയും മാതൃഭാഷ ഹിന്ദിയല്ല എന്നതും ഓർമിക്കപ്പെടേണ്ടതാണ്.

ഹിന്ദിയിലൂടെ ഭാരതീയഭാഷകൾക്കിടയിൽ സമന്വയത്തിനു ശ്രമിക്കുന്ന ഹിന്ദീതര ഭാഷക്കാരായ സാഹിത്യകാരന്മാർക്ക് പതിനായിരം രൂപയും ഒരു ചെമ്പു പട്ടയവും അടങ്ങുന്ന 'സൗഹാർദ്ദപുരസ്കാരം' ഹിന്ദി സംസ്ഥാൻ നൽകിവരുന്നുണ്ട്. കേന്ദ്രമന്ത്രി ശ്രീ പി. വി. നരസിംഹറാവു, ദക്ഷിണ ഭാരത ഹിന്ദിപ്രചാരസഭയിലെ ഡോ. എൻ. സുന്ദരം, അതേ സംഘടനയിലെ ശ്രീ വെങ്കടാചലശർമ, ഗുജറാത്തിലെ ശ്രീ ഹരിവല്ലഭയോണി, ഹിന്ദിയിലെഴുതുന്ന ബംഗാളിയായ ശ്രീ മന്മഥനാഥഗുപ്ത, അസമിലെ ഡോക്ടർ വിശ്വനാരായണശാസ്ത്രി, പഞ്ചാബിലെ ഡോക്ടർ ഹർഭജൻസിംഹ്, കാശ്മീരിലെ പ്രൊഫസർ പൃഥ്വീനാഥ് പുഷ്പ് എന്നിവരോടൊപ്പം കേരളത്തിൽനിന്ന് ഹിന്ദി പ്രൊഫസർ ഡോക്ടർ എൻ. ഇ. വിശ്വനാഥയ്യർക്കും എനിക്കും ഈ ആണ്ടിൽ ഈ സമ്മാനം നൽകപ്പെട്ടു.

ഞാൻ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായിരിക്കെ, 1956 മുതൽ 1968 വരെ 'യുഗപ്രഭാത്' എന്ന ഒരു ഹിന്ദി പാക്ഷികപത്രംകൂടി അതേ സ്ഥാപനത്തിൽനിന്ന് എന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഭാഷകളെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങൾ പുനസ്സംഘടിപ്പിക്കപ്പെട്ടപ്പോൾ, ഹിന്ദീതര ഭാഷാപ്രദേശങ്ങളിലെ ജനങ്ങളും ഹിന്ദിപ്രദേശങ്ങളിലെ ജനങ്ങളും തമ്മിലും, ഹിന്ദീതര ഭാഷാപ്രദേശങ്ങളിലെ ജനങ്ങൾ തമ്മിൽത്തമ്മിലും സാംസ്കാരിക വിനിമയത്തിന് ഹിന്ദി–ആനുകാലികങ്ങൾ അനുപേക്ഷണീയങ്ങളായിത്തീർന്നിരിക്കുന്നു എന്ന് മാതൃഭൂമി പ്രവർത്തകർക്കു തോന്നിയതിന്റെ ഫലമായിരുന്നു 'യുഗപ്രഭാത്'. ദക്ഷിണേന്ത്യയിലെ നാലു ഭാഷകളിലെ സമകാലസാഹിത്യത്തെ ഏറെക്കുറെ സമഗ്രമായും യഥാർത്ഥമായും പ്രതിബിംബിപ്പിക്കുന്നതിന് ഈ പാക്ഷികത്തിനു കഴിഞ്ഞു. രാഷ്ട്രപതി രാജേന്ദ്രപ്രസാദ് അടക്കം പല ഹിന്ദി സാഹിത്യകാരന്മാരുടെയും അകമഴിഞ്ഞ സഹകരണവും അതിനു ലഭിച്ചിരുന്നു. എങ്കിലും, ഹിന്ദിപ്രദേശങ്ങളിൽ വ്യാപകമായി വിററഴിക്കാൻ കഴിയാതിരുന്നതു നിമിത്തം, 'യുഗപ്രഭാത്' സാമ്പത്തികവിജയമായില്ല. എന്റെ സഹപ്രവർത്തകനും, എനിക്കുശേഷം യുഗപ്രഭാതിന്റെ പത്രാധിപരും ആയിരുന്ന ശ്രീ രവിവർമ മാതൃഭൂമിയുടെ സേവനത്തിൽനിന്നു വിരമിച്ചതോടെ യുഗപ്രഭാതിന്റെ പ്രസിദ്ധീകരണം നിലച്ചതു് ഈ കാരണത്താലായിരുന്നു.

ലഖ്നൗവിലെ സമ്മാനവിതരണത്തോടനുബന്ധിച്ച് സെപ്റ്റംബർ 15–ാം തീയതി നടന്ന സമ്മേളനത്തിൽ ഞാൻ ചെയ്ത പ്രസംഗത്തിൽ മുഖ്യമായും വിവരിച്ചതു് 'യുഗപ്രഭാതി'ന്റെ പ്രവർത്തനം സംബന്ധിച്ച എന്റെ അനുഭവങ്ങളായിരുന്നു. ഹിന്ദിയിലെ വായനക്കാർ മററു ഭാരതീയഭാഷകളിലെ സാഹിത്യങ്ങളിൽ കൂടുതൽ തല്പരരാകേണ്ടതിന്റെ ആവശ്യം ഞാൻ ഊന്നിപ്പറഞ്ഞു. 'രാജഭാഷ', 'രാഷ്ട്രഭാഷ' എന്നീ മൗലികസങ്കല്പങ്ങൾ തമ്മിലുള്ള വ്യത്യാസം ഞാൻ വിവരിച്ചു. രാജഭാഷ

(ഭരണഭാഷ) എന്ന നിലയിൽ ഹിന്ദി നടപ്പിൽ വരുത്തുന്നതിലേ എതിർപ്പുണ്ടാവൂ എന്നും, ഹിന്ദിയെ 'രാഷ്ട്രഭാഷ'—ഗാന്ധിജി വിവരിച്ച രീതിയിൽ നമ്മുടെ ജനതയുടെ പ്രതിബിംബം—ആക്കുന്നതിനെ സ്വാഗതം ചെയ്യാത്ത ആരും ഇന്ത്യയിലുണ്ടാവില്ല എന്നും ഞാൻ ചൂണ്ടിക്കാണിച്ചു. അസമിയയിലോ, കാശ്മീരിയിലോ, തെലുങ്കിലോ, തമിഴിലോ എഴുതപ്പെടുന്ന ഒരു കൃതി ഏതാനും മാസങ്ങൾക്കകം ഹിന്ദിയിൽ വായിക്കാൻ കഴിയണമെന്ന ആവശ്യം ഞാൻ ഉന്നയിച്ചു. ഈ പ്രയത്നത്തിൽ മലയാളികളായ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പുനൽകുകയുംചെയ്തു.

ഉത്തർപ്രദേശ് മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഹിന്ദിസംസ്ഥാൻെറ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, മുമ്പ് കേന്ദ്രത്തിൽ ഉപ–വിദ്യാഭ്യാസമന്ത്രിയായിരുന്ന ഡോക്ടർ ഭക്തദർശൻ ആണ്. അദ്ദേഹം എൻെറ പ്രസംഗത്തെ അഭിനന്ദിച്ചു; മററു ഭാരതീയ ഭാഷകളിൽനിന്ന് ഹിന്ദിയിലേക്കുള്ള വിവർത്തനത്തിന് ഹിന്ദിസംസ്ഥാൻ ആക്കംകൂട്ടുമെന്നു പ്രഖ്യാപിക്കുകയുംചെയ്തു.

മലയാളത്തിലെ ഗ്രന്ഥങ്ങൾ ഇംഗ്ലീഷിൽ വിവർത്തനംചെയ്യുന്നതിന് കേരളസാഹിത്യ അക്കാദമിക്ക് ഒരു പരിപാടിയുണ്ടല്ലോ. നമ്മുടെ കൃതികൾ ഹിന്ദിയിൽ വിവർത്തനംചെയ്യുന്നതിനുള്ള ഒരു പരിപാടിയെപ്പററി സാഹിത്യഅക്കാദമി ആലോചിക്കേണ്ട കാലമായി എന്ന് എനിക്കു തോന്നുന്നു. മലയാളത്തിൽനിന്നു ഹിന്ദിയിലേക്ക് സമർത്ഥരായ വിവർത്തകരെ കിട്ടാൻ ഇന്നു പ്രയാസമില്ല. ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ഹരിയാണ, രാജസ്ഥാൻ എന്നീ ഹിന്ദി സംസ്ഥാനങ്ങളുടെയും കേന്ദ്രഗവണ്മെൻറിൻെറയും സഹായം ലഭിക്കുന്നപക്ഷം, ഹിന്ദിയിൽ വിവർത്തനംചെയ്ത മലയാളഗ്രന്ഥങ്ങളുടെ ഏതാനും ആയിരം കോപ്പികൾ വിററഴിക്കുക അസാദ്ധ്യമായിരിക്കയുമില്ല. ഈ രംഗത്തിൽ കൂട്ടായ ഒരു പരിശ്രമത്തിന് കേരള സാഹിത്യഅക്കാദമി മുൻകൈ എടുക്കേണ്ടതാണെന്ന് ഞാൻ കരുതുന്നു. 'യുഗപ്രഭാത്' പോലെ ഒരു ഹിന്ദി ആനുകാലികവും കേരളത്തിൽനിന്നു നഷ്ടംവരാതെ പ്രസിദ്ധീകരിക്കാൻ ഇപ്പോൾ സാധിക്കുമെന്നാണു കരുതേണ്ടതു്. രാഷ്ട്രത്തിൻെറ അഖണ്ഡതയിലും ഭാരതീയ സംസ്കാരത്തിൻെറ സമന്വിതവികാസത്തിലും താല്പര്യമുള്ളവരുടെ ശ്രദ്ധയ്ക്ക് ഈ പ്രശ്നം ഞാൻ സമർപ്പിക്കുന്നു.

(29 സെപ്തംബർ, 1987)

# 35. ഹിമാലയത്തിൽ ഒരു അണക്കെട്ട്

രണ്ടു കണ്ണുകളുടെ നടുക്ക് ഒരു മൂക്ക് ഉണ്ടാക്കപ്പെട്ടിട്ടുള്ളതു് കണ്ണടവെക്കാൻ ആണെന്നു കരുതുന്നവർ ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. എന്നാൽ, രണ്ടു മലകളുടെ നടുവിലൂടെ ഒരു പുഴ ഒഴുകുന്നതു്, അതിനു കുറുകെ ഒരു അണകെട്ടാനാണെന്നു വിശ്വസിക്കുന്നവർ പഠിപ്പുള്ളവർക്കിടയിൽ ഇന്നു കുറവല്ല. ഉയർന്ന പ്രദേശങ്ങളിൽ അണ കെട്ടി വെള്ളം തടഞ്ഞുനിർത്തിയാൽ, ആ വെള്ളം ഉപയോഗിച്ചു വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാം; പിന്നീട് അതേ വെള്ളം തോടുകളിലൂടെ തിരിച്ചുവിട്ട് ഇപ്പോൾ വരണ്ടുകിടക്കുന്ന വയലുകൾ നനയ്ക്കുകയും ആവാം. ത്വരിതമായ വികസനം ആസൂത്രണത്തിൻെറ ലക്ഷ്യമായി അംഗീകരിക്കപ്പെട്ടതോടെ ഇന്ത്യയിൽ അണക്കെട്ടുനിർമാണം ഒരു വൻകിട സാമ്പത്തിക പ്രവർത്തനമായി മാറി. അതിൻെറ